ഭരണഭാഷ - മാതൃഭാഷ

നം.എ7/21771/12015

വിദ്യാഭ്യാസ ഉപ ഡയറക്ടറാഫീസ്,
തേവള്ളി പി.ഒ., കൊല്ലം - 691 009.
തീയതി. 31.01.2019
ഫോൺ - 0474 - 2792957
ഇ.മെയിൽ –ddekollam@gmail.com

5942
26/3/19

## അനുബന്ധം H4

### നോട്ടീസ്

ശ്രീ. അമ്പിളി കെ., എച്ച്.എസ്.റ്റി.ഹിന്ദി, ഗവ. എം.ജി.എച്ച്.എസ്. ചടയമംഗലം (പുളിമൂട്ടിൽ കോണത്ത് വീട്, മിത്യമല പി.ഒ., തിരുവനന്തപുരം) എന്നയാളെ അറിയിക്കുന്നതെന്തന്നാൽ 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടികൾ നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ചു കൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോ 19.11.2016-ാം തീയതിയിലെ എ7/21771/2015 നമ്പർ പ്രകാരം ഏറ്റവും അറിയാവുന്ന താങ്കളുടെ മേൽ വിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആ ചാർജ്ജ് മെമ്മോ വിതരണം ചെയ്യപ്പെടാതെ "മേൽവിലാസക്കാരൻ സ്ഥലത്തില്ല" എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ട്മെന്റിലേയ്ക്ക് മടക്കി നൽകി. തുടർന്ന് താങ്കളെ സേവനത്തിൽ നിന്ന് നീക്കിക്കൊണ്ട് താൽക്കാലിക തീരുമാനമെടുത്ത് താങ്കൾക്ക് നോട്ടീസ് പുറപ്പെടുവിച്ചു. ആയതിനും മറുപടി ലഭിച്ചിട്ടില്ല. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റ് വിശദീകരണമോ ലഭിയ്ക്കാത്തപക്ഷം നിങ്ങൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റോപരണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ പൂർണ്ണരൂപം, കാരണം കാണിയ്ക്കൽ നോട്ടീസ് എന്നിവ നിശ്ചിത കാലാവധിയ്ക്ക് മുൻപ് ശ്രീമതി കെ.എസ്. ശ്രീകല, വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപ ഡയറക്ടറാഫീസ്, കൊല്ലം -ൽ നിന്നും ആഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിൻമേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

കെ.എസ്. ശ്രീകല
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം.

സ്വീകർത്താവ്

ശ്രീ. അമ്പിളി കെ.,
പുളിമൂട്ടിൽ കോണത്ത് വീട്,
മിത്യമല പി.ഒ., തിരുവനന്തപുരം.

47 Green Side Road,
West Croydon Su[illegible], London,
United Kingdom CRO 3. P.P.